# കേരള സർവകലാശാല

നം.പി.ആർ.231/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### വൈവ വോസി

2018 സെപ്റ്റംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ ഇസ്ലാമിക് ഹിസ്റ്ററി പരീക്ഷയുടെ വൈവ വോസി ഒക്ടോബർ 29 ന് നടത്തുന്നതാണ്. നാലാം സെമസ്റ്റർ എം.എ ഹിന്ദി പരീക്ഷയുടെ വൈവ വോസി ഒക്ടോബർ 29 മുതൽ നവംബർ 7 വരെ അതതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്. നാലാം സെമസ്റ്റർ എം.എസ്.സി മാത്തമാറ്റിക്സ് പരീക്ഷയുടെ വൈവ ഒക്ടോബർ 31 മുതൽ നവംബർ 7 വരെ (9.30 AM മുതൽ 4.00 PM വരെ) നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പുതുക്കിയ പരീക്ഷാതീയതി

2018 ഒക്ടോബർ 25 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ ബി.കോം വിദൂരവിദ്യാഭ്യാസം (2017 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ core course III co 1241 Business Communication and Office Management എന്ന പേപ്പർ നവംബർ 7 ന് നടത്തുന്നതാണ്. പരീക്ഷാകേന്ദ്രങ്ങൾക്കും സമയക്രമത്തിനും മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 നവംബർ 22 മുതൽ ആരംഭിക്കാനിരുന്ന മൂന്നാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി യൂണിറ്ററി പരീക്ഷകൾ നവംബർ 26 ലേയ്ക്ക് മാറ്റിയിരിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എസ്.സി സുവോളജി, ജിയോളജി വിഷയങ്ങളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 30 മുതൽ അതതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2018 സെപ്റ്റംബർ ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി സുവോളജി പരീക്ഷയുടെ പ്രാക്ടിക്കൽ വൈവാ വോസി പരീക്ഷകൾ നവംബർ 7 മുതൽ 15 വരെ അതതു കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2018 ജൂണിൽ നടത്തിയ ഒന്നാം വർഷ എം.എ സംസ്കൃതം പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## <u>പ്രബന്ധങ്ങൾ ക്ഷണിക്കുന്നു</u>

വേദാന്ത പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന പ്രജ്ഞാനഭാരതി ജേർണലിലേയ്ക്ക് പ്രബന്ധങ്ങൾ ക്ഷണിക്കുന്നു. ഇന്ത്യോളജിയുമായി ബന്ധപ്പെട്ട് സംസ്കൃതത്തിലോ ഇംഗ്ലീഷിലോ തയാറാക്കിയ പ്രബന്ധങ്ങൾ ഡിസംബർ 25 നകം ഓണററി ഡയറക്ടർ, വേദാന്ത പഠന കേന്ദ്രം, കേരള സർവകലാശാല, കാര്യവട്ടം ക്യാമ്പസ്, തിരുവനന്തപുരം – 695581 എന്ന വിലാസത്തിൽ ലഭ്യമാക്കണം. പ്രബന്ധങ്ങൾ ഗവേഷണരീതിശാസ്ത്രം അനുസരിച്ച് തയ്യാറാക്കിയതായിരിക്കണം.

**തിരുവനന്തപുരം.**
**23.10.2018**

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**